**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** **27-06-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ മുസ്ലീം ജനത സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ ഇതര സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട നിലയിലാണെങ്കിലും സംസ്ഥാനത്ത് മറ്റ് സമുദായങ്ങളേക്കാൾ പിന്നാക്കമാണെന്ന് പാലൊളി കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി ഉറപ്പ് വരുത്തുന്നതിനായി ഏതൊക്കെ മേഖലകളിൽ പുരോഗതി ആർജ്ജിക്കണമെന്നാണ് പാലൊളി കമ്മിറ്റി വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ; | (ബി) | സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ 15.10.2007 - ലെ GO(MS) 468/2007/GAD എന്ന ഉത്തരവിലൂടെ മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റിയെ നിയോഗിച്ചു.<br><br>പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ വിലയിരുത്തലുകളിൽ നിന്ന് ചുവടെ പറയുന്ന മേഖലകളിൽ ഉന്നതി കൈവരിക്കുന്നതിലൂടെ മുസ്ലിം സമുദായം പൊതു സമൂഹത്തോടൊപ്പമുള്ള വളർച്ച കൈവരിക്കുമെന്നു കണ്ടെത്തിയിട്ടുണ്ട്.<br><br>1. പൊതു വിദ്യാഭ്യാസം<br>2. സാമൂഹിക സുരക്ഷിതത്വം<br>3. വിദ്യാഭ്യാസ - ഉദ്യോഗ സംവരണം<br>4. തൊഴിലും സാമ്പത്തിക വളർച്ചയും<br>5. കാര്യപ്രാപ്തി ആർജിക്കൽ<br>6. സ്കോളർഷിപ്പ്<br>7. പശ്ചാത്തല സൗകര്യങ്ങൾ |
| (സി) | പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 1. വിധവകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/ പുനരുദ്ധാരണ പദ്ധതി.<br><br>2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി.<br><br>3. വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി .<br><br>4. വിവിധ സ്കോളർഷിപ്പ് പദ്ധതികൾ<br><br>5. വിവാഹ പൂർവ്വ കൗൺസലിംഗ്.<br><br>6.കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം.<br><br>7.ന്യൂനപക്ഷ യുവജന പരിശീലന പരിപാടികൾ.<br><br>പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു

1. **വിധവകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി** – സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കായി സംസ്ഥാന സർക്കാർ 2013-14 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി എന്ന പേരിൽ പുനർനാമകരണം ചെയ്തു. എന്നാൽ ലൈഫ് പദ്ധതി നിലവിൽ വന്നതോടു കൂടി ആയത് ഭവന പുനരുദ്ധാരണ പദ്ധതിയാക്കി പുനരാവിഷ്കരിച്ചു. ഭവന പദ്ധതിയിൽ 5500 കുടുംബങ്ങൾക്കും പുനരുദ്ധാരണ പദ്ധതിയിൽ 3150 കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

2. **ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി** – ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി 2013-14 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പദ്ധതിയിൽ നാളിതുവരെ **1.2** ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

3. **വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി** – വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനുമായി ജില്ലകൾ കേന്ദ്രീകരിച്ച് 2013-14 സാമ്പത്തിക വർഷം മുതൽ കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തുന്നു. **പദ്ധതിയിൽ** നാളിതുവരെ 1.53 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

4. **വിവിധയിനം സ്കോളർഷിപ്പ് പദ്ധതികൾ** – ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി മുന്നിൽ കണ്ടു കൊണ്ട് വകുപ്പ് മുഖേന എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദം, ബിരുദാന്തര ബിരുദം, പ്രൊഫഷണൽ, പോളിടെക്നിക്/നഴ്സിംഗ്/പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്നവർക്കും സിവിൽ സർവ്വീസ് പരിശീലനത്തിനും, പ്രൈവറ്റ് ഐ.ടി.ഐകളിൽ പഠിക്കുന്നവർക്കും ഫീസ് റീ ഇമ്പേഴ്സ്മെന്റ് പദ്ധതികളും നൈപുണ്യ പരിശീലന പദ്ധതികളും യു.ജി.സി/സി.എസ്.ഐ.ആർ നെറ്റ് പരിശീലന പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.

5. **<u>വിവാഹ പൂർവ്വ കൌൺസിലിംഗ്</u>** –ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2018–19 സാമ്പത്തിക വർഷം മുതൽ അവിവാഹിതരായ ന്യൂനപക്ഷ വിഭാഗ യുവജനങ്ങൾക്കായി നടത്തി വന്നിരുന്ന സാമൂഹിക പ്രസക്തിയുള്ള ഒരു പദ്ധതിയാണ് പ്രീമാരിറ്റൽ കൗൺസലിംഗ്. ടി പദ്ധതി ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിവാഹിതരായ യുവതയെ കൂടി ഉൾപ്പെടുത്തി 2022–23 സാമ്പത്തിക വർഷം മുതൽ "Pathway - Social LIfe Wellness Programme" എന്ന പേരിൽ പുനർനാമകരണം ചെയ്താണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയിൽ നാളിതുവരെ 59000 യുവജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

6. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം.**

7. **ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ** – ന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് എന്നീ വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി വകുപ്പിന് കീഴിൽ 24 സൗജന്യ പരിശീലന കേന്ദ്രങ്ങളും, 27 ഉപ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 34,278 അഭ്യസ്തവിദ്യരായ ന്യൂനപക്ഷ യുവജനങ്ങൾക്ക് പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും മുഖാന്തിരം പരിശീലനം നൽകുകയും ആയതിൽ 2,389 ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിലും ബാങ്കിംഗ് യു.പി.എസ്.സി മേഖലകളിലും തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**